**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1463** **19-09-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പാക്കുന്ന ഉച്ചഭക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പാക്കുന്ന ഉച്ചഭക്ഷണ പദ്ധതിക്കായി സംസ്ഥാന വിഹിതമായും കേന്ദ്രവിഹിതമായും ആവശ്യമായ തുകയുടെ വിശദാംശം അറിയിക്കാമോ; | (എ) | കേന്ദ്ര വിദ്യാഭ്യാസവും സാക്ഷരതയും വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 05.06.2025 ന് ചേർന്ന പ്രോഗ്രാം അപ്രൂവൽ ബോർഡ് യോഗം 2025-26 സാമ്പത്തിക വർഷത്തേക്ക് 495.4769 കോടി രൂപയുടെ പദ്ധതി അടങ്കലിനാണ് അനുമതി നൽകിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| COMPONENT | CENTRE SHARE (In Cr) | MINIMUM MANDATORY STATE SHARE (In Cr) | TOTAL (In Cr) |
|---|---|---|---|
| RECURRING | 312.3844 | 183.0925 | 495.4769 |

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ 2025-26 വർഷത്തെ സംസ്ഥാന ബജറ്റ് വിഹിതത്തിൽ കേന്ദ്ര, സംസ്ഥാന നിർബന്ധിത വിഹിതം ഇനങ്ങളിൽ ആകെ 495.4769 കോടി രൂപയും, സംസ്ഥാന അധിക വിഹിതം ഇനത്തിൽ 252.14 കോടി രൂപയും ചേർത്ത് ആകെ 747.6169 കോടി രൂപയുടെ ഭരണാനുമതിയാണ് ചുവടെ പറയും പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായുള്ള ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക തികയാതെ വരുന്ന പക്ഷം ആയത് അഡിഷണൽ ഓതറൈസേഷൻ മുഖേന അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

| Sl.No | Head of Account | Budget Amount (in Crores) | Additional Amount (in Crores) | Total |
|---|---|---|---|---|
| 1. | 2202-01-112-90-01-PV Central Share | 225 | 87.3844 | 312.3844 |
| 2. | 2202-01-112-90-02-PV State Share | 150 | 33.0925 | 183.0925 |
| 3. | 2202-01-112-89-PV State Additional Assistance | 252.14 | 0 | 252.14 |
| **TOTAL** | | **627.14** | **120.4769** | **747.6169** |

<table>
<tr><td></td><td></td><td></td><td></td></tr>
<tr><td>(ബി)</td><td>ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ സംസ്ഥാന വിഹിതമായും കേന്ദ്രവിഹിതമായും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് വിശദമാക്കാമോ;</td><td>(ബി)</td><td>ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ സംസ്ഥാന വിഹിതമായും കേന്ദ്ര വിഹിതമായും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.<br><table>
<tr><th>ക്രമ നം.</th><th>വർഷം</th><th>ചെലവഴിച്ച തുക (കോടിയിൽ)</th></tr>
<tr><td>1</td><td>2021-22</td><td>520.44482</td></tr>
<tr><td>2</td><td>2022-23</td><td>558.768</td></tr>
<tr><td>3</td><td>2023-24</td><td>555.0213</td></tr>
<tr><td>4</td><td>2024-25</td><td>765.611</td></tr>
</table></td></tr>
<tr><td>(സി)</td><td>കേന്ദ്രവിഹിതമായി ലഭിക്കേണ്ട തുക ഏതെങ്കിലും വർഷം ലഭിക്കാതെ വന്നിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കുറവ് എങ്ങനെയാണ് പരിഹരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദവിവരം ലഭ്യമാക്കാമോ?</td><td>(സി)</td><td>കേന്ദ്രവിഹിതമായി ലഭിക്കേണ്ട തുക കഴിഞ്ഞ അദ്ധ്യയനവർഷം വരെ പൂർണ്ണമായും ലഭിച്ചിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ